## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.1759 — 22/03/2012 – ൽ മറുപടിയ്ക്ക്

**<u>ജയിലുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി</u>**

<u>ചോദ്യം</u>
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.സി.ജോർജ്
ഡോ.എൻ.ജയരാജ്

<u>ഉത്തരം</u>
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ).സംസ്ഥാനത്തെ ജയിലുകൾ കർശന നിരീക്ഷണത്തിന് വിധേയമാക്കാൻ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ). സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരെ 24 മണിക്കൂറും നിരീക്ഷിക്കുന്നതിന് ജയിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യിട്ടുള്ള പ്രകാരം ഉദ്യോഗസ്ഥരെ വിന്യസിക്കുന്നുണ്ട്. ഉദ്യോഗസ്ഥ നിരീക്ഷണ സംവിധാനത്തിന് പുറമേ ജയിലുകളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ജയിലുകളിലും ഈ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ഇത് ജയിലുകളിൽ തടവുകാരുടെ നിരീക്ഷണം കൂടുതൽ കർശനമായി നിർവ്വഹിക്കുന്നതിനും സുരക്ഷാവീഴ്ച ഉണ്ടാകാതിരിക്കുന്നതിനും സഹായകരമാകും. |
| (ബി).ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ; | (ബി). സൂക്ഷ്മ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ സ്ഥിരമായി നിയോഗിച്ചിട്ടുണ്ട്. |
| (സി) ജയിലുകൾ നിരീക്ഷണ വിധേയമാക്കുന്നതിന്റെ ഭാഗമായി തുടക്കം കുറിച്ച ഒളിക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടം വരെയായി; ഇതിനോടകം എത്ര ജയിലുകളിൽ ഇവ സ്ഥാപിച്ചുവെന്ന് അറിയിക്കുമോ? | (സി) ജയിലുകൾ നിരീക്ഷണ വിധേയമാക്കുന്നതിന്റെ ഭാഗമായി ആദ്യപടിയെന്ന നിലയിൽ തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ ഒളിക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അടുത്ത ഘട്ടത്തിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 2012 – 13 സാമ്പത്തിക വർഷം വിയ്യൂർ സെൻട്രൽ ജയിലിലും മൂന്ന് ജില്ലാ ജയിലുകളിലും ഈ പദ്ധതി നടപ്പിലാക്കാനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ആഫീസർ